പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6165 | | 07.11.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ക്ഷേമ പെൻഷനുകളുടെ ചെക്കുകൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മടക്കിയ ക്ഷേമ പെൻഷനുകളുടെ ചെക്കുകൾ യഥാർത്ഥ ഉപഭോക്താവിന് തിരികെ നൽകുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | (എ) | വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും മടക്കിയ ക്ഷേമ പെൻഷനുകളുടെ ചെക്കുകൾ ഗുണഭോക്താവിന് വീണ്ടും തിരികെ നൽകുവാൻ സാധിക്കുന്നതല്ല. ടി ചെക്കുകൾ മാറിയിട്ടില്ലാത്ത പക്ഷം ബാങ്ക് റീകൺസിലിയേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ചെക്ക് തുക ഗുണഭോക്താവിന് അവർ സ്വീകരിച്ചിട്ടുള്ള വിതരണ മാർഗ്ഗത്തിലൂടെ നൽകുന്നതാണ്. |
| (ബി) | സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷനുകൾ നിലവിൽ ഏത് മാസം വരെ അനുവദിച്ചിട്ടുണ്ട് എന്നറിയാൻ വേണ്ടി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (ബി) | സാമൂഹ്യ സുരക്ഷാ ക്ഷേമ പെൻഷനുകൾ നിലവിൽ ഏത് മാസം വരെ അനുവദിച്ചിട്ടുണ്ട് എന്നുള്ളത് അറിയുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, welfarepension.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് വിവരം ലഭ്യമാണ്. |
| (സി) | പെൻഷൻകാർ വർഷാവർഷം ലൈഫ് സർട്ടിഫിക്കറ്റ് നൽകണമെന്നതിന് പകരമായി അക്ഷയ കേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ